# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/212/2017 2017 ഒക്ടോബർ 12

## <u>പത്രക്കുറിപ്പ്</u>

**എം.ജി.യിൽ നാക് ടീം സന്ദർശനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ സന്ദർശനം ആരംഭിച്ചു. സർവ്വകലാശാലയുടെ വിവിധ മേഖലകളിലെ മികവ് വിലയിരുത്തി ഗ്രേഡ് നൽകുന്നതിനാണ് നാക് ടീം അംഗങ്ങൾ സർവ്വകലാശാല സന്ദർശിക്കുന്നത്. സർവ്വകലാശാലയുടെ അക്കാദമിക ഗവേഷണ മേഖലയിലെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനത്തെ ഏഴംഗ നാക് സംഘം വിലയിരുത്തും. സന്ദർശന വേളയിൽ ഫാക്കൽട്ടി അംഗങ്ങൾ, വിദ്യാർത്ഥികൾ, ഉന്നത ഉദ്യോഗസ്ഥർ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തുകയും, പഠനവകുപ്പുകൾ നേരിട്ട് സന്ദർശിച്ചു വിലയിരുത്തുകയും ചെയ്യും. നാക് സന്ദർശനം ശനിയാഴ്ച വരെ തുടരും.

**എം.ജി. പി.ജി. ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ നാളെ (ഒക്ടോബർ 14) വരെ; സപ്ലിമെന്ററി അലോട്ട്മെന്റ് പത്തൊൻപതിന് പ്രസിദ്ധീകരിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017ൽ ബിരുദാനന്തരബിരുദ പ്രവേശനത്തിന് സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തുന്നതാണ്. ഇതിനായി നാളെ (ഒക്ടോബർ 14) വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും. അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. ലോഗിൻ ചെയ്തശേഷം അപേക്ഷകനു താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഒപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടേയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി അലോട്ട്മെന്റ് ഈ മാസം പത്തൊൻപതിന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എച്ച്.എ. (പുതിയ സ്കീം, 2015 അഡ്മിഷൻ റഗുലർ, 2011- 2014 അഡ്മിഷൻ സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.പി.എച്ച്. (2015 അഡ്മിഷൻ റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) എന്നീ പരീക്ഷകൾ നവംബർ 8ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും.

തൊടുപുഴ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പുല്ലരിക്കുന്ന് സ്റ്റാസ് എന്നിവിടങ്ങളിലെ നാലും രണ്ടും സെമസ്റ്റർ ബി.ടെക് (2015 മുതൽ അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 30, 31 എന്നീ തീയതികളിൽ

ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 16 വരെയും 50 രൂപ പിഴയോടെ 17 വരയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

നാലാം സെമസ്റ്റർ എം.എസ്.സി. സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (2015 അഡ്മിഷൻ റഗുലർ ആന്റ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഒക്ടോബർ 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.കോം റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 20 വരെ അപേക്ഷിക്കാം.

**വൈവാവോസി**

2017 സെപ്തംബർ/ഒക്ടോബർ മാസങ്ങളിലായി നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെന്റ് പരീക്ഷയുടെ - ഇന്റേൺഷിപ്പ് വിത്ത് പ്രോജക്ട് - 1 വൈവാവോസി പരീക്ഷ - ഒക്ടോബർ 23ന് രാവിലെ 9.30ന് മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ വച്ച് നടത്തും. എറണാകുളം സെന്റ് ആൽബെർട്സ് കോളേജിലെ സപ്ലിമെന്ററി വിദ്യാർത്ഥികൾ വൈവാവോസി പരീക്ഷയ്ക്ക് മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ ഹാജരാകണം. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷയെഴുതുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കണം**

ഇന്ന് (ഒക്ടോബർ 13) ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.സി.എ. (റെഗുലർ, ലാറ്ററൽ എൻട്രി - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ എഴുതുന്ന എല്ലാ വിദ്യാർത്ഥികളും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖ പരീക്ഷാ ഹാളിൽ നിർബ്ബന്ധമായും ഹാജരാക്കേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**